**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡല പരിധിയിൽ പാലക്കാട് ബ്ലോക്കിന് കീഴിലുള്ള പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഇതുവരെ വ്യവസായ വകുപ്പ് മുഖേന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ ആകെ 65 പേർക്ക് സംരംഭം തുടങ്ങാൻ 1,22,00,396/- രൂപ മാർജിൻ മണി സബ്സിഡിയായിട്ട് അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് പദ്ധതി മുഖേന 13 പേർക്ക് ഫുഡ് പ്രോസസിംഗ് മേഖലയിൽ മാത്രം സംരംഭം തുടങ്ങാൻ 29,66,448/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. മാർജിൻ മണി ഗ്രാൻറ് ടു നാനോ യൂണിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 14 പേർക്ക് സംരംഭം തുടങ്ങാൻ 17,91,580/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ ഉൾപ്പെടുത്തി 16 പേർക്ക് 2,01,565/- രൂപ പലിശ സബ്സിഡി ഇനത്തിൽ അനുവദിച്ചു നൽകി. സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4 പേർക്ക് 11,26,158/- രൂപ സബ്സിഡി അനുവദിച്ചു. ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികളിലായി 6 വനിതാ ഗ്രൂപ്പുകൾക്ക് ആകെ പദ്ധതി ചെലവിന്റെ 75% സബ്സിഡിയായിട്ട് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ 12,70,500/- രൂപ സബ്സിഡിയായും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2639 സംരംഭങ്ങൾ ആരംഭിക്കുകയും 101 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും 5136 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ